പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.5013 30-06-2014-ൽ മറുപടിക്ക്

## പാലക്കാട് ജില്ലയിൽ അനധികൃത മദ്യ നിർമ്മാണം തടയുന്നതിന് നടപടി

ചോദ്യം: ഉത്തരം:

ശ്രീ. എം. ചന്ദ്രൻ: ശ്രീ. കെ. ബാബു
(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി)

| ചോദ്യം | | ഉത്തരം |
|---|---|---|
| (എ) പാലക്കാട് ജില്ലയിൽ പല സ്ഥലങ്ങളിലും അനധികൃത മദ്യനിർമ്മാണം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ)-യും, (ബി)-യും | ഉണ്ട്. ഇതുവരെ 712 അബ്കാരി കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) ഉണ്ടെങ്കിൽ അബ്കാരി നിയമപ്രകാരം എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | | |
| (സി) ഇത്തരം കേസ്സുകളുമായി ബന്ധപ്പെട്ട് എത്ര പേർ ശിക്ഷിക്കപ്പെട്ടിട്ടുണ്ട് എന്നു വ്യക്തമാക്കാമോ; | (സി) | 34 പേർ ശിക്ഷിക്കപ്പെട്ടിട്ടുണ്ട്. |
| (ഡി) അനധികൃത മദ്യ നിർമ്മാണം തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (ഡി) | ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനം എക്സൈസ് വകുപ്പ് നടത്തി വരുന്നു. പോലീസ്, വനം, റവന്യൂ എന്നീ വകുപ്പുകളുമായി ചേർന്ന് സംയുക്ത റെയ്ഡുകൾ നടത്തി വരുന്നു. സ്പിരിറ്റ് കടത്ത്, വ്യാജമദ്യത്തിന്റെ ഉല്പാദനം, വിതരണം, ഉപഭോഗം എന്നിവ തടയുന്നതിനായി എക്സൈസിന്റെ എല്ലാ എൻഫോഴ്സ്മെന്റ് / ഇന്റലിജൻസ് ഏജൻസികൾക്കും സ്വീകരിക്കേണ്ട മുൻകരുതലുകൾ വിശദമാക്കി കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. പൊതുജനങ്ങളിൽ നിന്നും വിവരം ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുന്നതിനുമായി എക്സൈസ് കമ്മീഷണറേറ്റിലും, ജില്ലാ, താലൂക്ക് തലങ്ങളിലും 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂമുകൾ ആരംഭിച്ചിട്ടുണ്ട്. ചെക്ക്പോസ്റ്റുകൾ ശക്തിപ്പെടുത്തി, അതുവഴി കടന്നുവരുന്ന വാഹനങ്ങൾ കൃത്യമായി പരിശോധന നടത്തുന്നുണ്ട്. കൂടാതെ, ദേശീയ പാതകളിലും അതിർത്തി പ്രദേശങ്ങളിലെ റോഡുകളിലും കർശന വാഹന പരിശോധന നടത്തുന്നുണ്ട്. എല്ലാ താലൂക്കുകളിലും സ്ട്രൈക്കിംഗ് ഫോഴ്സും പ്രവർത്തിക്കുന്നുണ്ട്. |

സെക്ഷൻ ആഫീസർ